വിതരണം നടത്തുക, കോഴികളുടെ ആരോഗ്യ സംരക്ഷണത്തിനായി അസ്കാർഡ് പദ്ധതി പ്രകാരം രോഗ പ്രതിരോധ കുത്തിവയ്പ് നടത്തി മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുക, കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി വീട്ടുമുറ്റത്തെ കോഴി വളർത്തൽ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷനും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## മൃഗസംരക്ഷണ വകുപ്പിന്റെ വയനാട് ജില്ലയിലെ പ്രവർത്തനം

148 [2600] ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ മൃഗസംരക്ഷണ വകുപ്പിന്റെ വയനാട് ജില്ലയിലെ പദ്ധതി ഇനത്തിലെ സാമ്പത്തിക ലക്ഷ്യം, നേട്ടം എന്നിവ വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പ് പദ്ധതിയിനത്തിൽ ചെലവഴിച്ച തുകയുടെ താലൂക്ക് തല വിശദാംശം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പ് വിവിധ കേന്ദ്ര സഹായ പദ്ധതികൾ പ്രകാരം ചെലവഴിച്ച തുകയുടെ താലൂക്ക് തല വിശദാംശം വ്യക്തമാക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം വയനാട് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതിയിനത്തിലെ സാമ്പത്തിക ലക്ഷ്യം വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർക്കുന്നു.†

(ബി) സുൽത്താൻബത്തേരി താലൂക്കിൽ 1,00,15,600 രൂപയും മാനന്തവാടി താലൂക്കിൽ 83,72,150 രൂപയും വൈത്തിരി താലൂക്കിൽ 1,04,98,350 രൂപയും 2008-09 വർഷം പദ്ധതിയിനത്തിൽ ചെലവഴിച്ചു.

(സി) സുൽത്താൻബത്തേരി താലൂക്കിൽ 97,22,000 രൂപയും വൈത്തിരി താലൂക്കിൽ 99,30,000 രൂപയും മാനന്തവാടി താലൂക്കിൽ 81,78,000 രൂപയും വിവിധ കേന്ദ്ര സഹായ പദ്ധതി പ്രകാരം 2008-09 വർഷം ചെലവഴിച്ചു.

(ഡി) ഈ സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകികൊണ്ടിരിക്കുന്നതിനാൽ വയനാട് ജില്ലയുടെ ഈ വർഷത്തെ സാമ്പത്തിക ലക്ഷ്യം ശേഖരിച്ചു നൽകുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly